# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2212 - 05/02/2018 -ലെ മറുപടിക്ക്

## റബ്ബർ വിലസ്ഥിരതാ പദ്ധതി

**ചോദ്യം** **ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്ത് റബ്ബർവിലയിടിവ് കർഷകർക്ക് പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | റബ്ബറിന്റെ വിലതകർച്ച കാരണം ദുരിതമനുഭവിക്കുന്ന കർഷകർക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനു വേണ്ടിയാണ് സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കി വരുന്നത്. |
| ബി | 'റബ്ബർ വില സ്ഥിരതാ പദ്ധതി' പുനരാരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ഇത് സഹായകമാകുമെന്ന് കരുതുന്നുണ്ടോ; | റബ്ബറിന് കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ചുകൊണ്ട് സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ രണ്ടാം ഘട്ടം 2017 ജൂണിൽ അവസാനിച്ചു. തുടർന്ന് പ്രസ്തുത പദ്ധതിയുടെ മൂന്നാം ഘട്ടം 2017 ജൂലൈയിൽ തുടങ്ങി 2018 ജൂണിൽ അവസാനിക്കുന്ന തരത്തിൽ നിലവിൽ നടപ്പിലാക്കി വരികയാണ്. ഇതു പ്രകാരം 16.01.2018 വരെ റബ്ബർ ബോർഡ് പരിശോധിച്ച് അംഗീകരിച്ച മുഴുവൻ ബില്ലുകളിന്മേലുമുള്ള സബ്സിഡി തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം കർഷകന് റബ്ബറിന് കിലോയ്ക്ക് 150 രൂപ ഉറപ്പുവരുത്താൻ സാധിക്കും. കൂടാതെ റബ്ബർ ബോർഡുമായി സഹകരിച്ച് പുതുകൃഷി / ആവർത്തന കൃഷി ചെയ്ത്, റബ്ബർ തോട്ടങ്ങളിൽ ആദ്യത്തെ മൂന്ന് വർഷക്കാലയളവിൽ ലഭ്യമായ സ്ഥലവും സൂര്യപ്രകാശവും പ്രയോജനപ്പെടുത്തി ഇടവിളയായി വാഴ, പച്ചക്കറി വിളകൾ തുടങ്ങിയവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. |
| സി | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; ഇതിൽ റബ്ബർവിലയിടിവ് തടയുന്നതിന് സഹായകമായ നടപടി ഏതെന്ന് വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ